(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) വില്ലേജുകളുടേയും പഞ്ചായത്തുകളുടേയും അതിർത്തികൾ ഏകീകരിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഗവൺമെൻറ് ഒരു സ്പെഷ്യൽ ആഫീസറെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയിട്ട് മാത്രമേ പുതുതായി ഉണ്ടാക്കുന്ന പഞ്ചായത്തുകളെക്കുറിച്ച് അറിയാൻ സാധിക്കുകയുള്ളൂ.

(ഇ) സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് കിട്ടിയിട്ടു മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ.

മലബാർ ദേവസ്വം ബോർഡ്

1806 [2731] ശ്രീ. എ. സി. ഷൺമുഖദാസ് :
,, സിറിയക് ജോൺ :
,, പി. വിജയദാസ് :
,, കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ പ്രദേശങ്ങളിലെ ദേവസ്വങ്ങളുടെ നടത്തിപ്പിനായി ഒരു ദേവസ്വം ബോർഡ് രൂപീകരിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനം അനുസരിച്ച്, അതിന്റെ പ്രവർത്തനം ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വർഷം തന്നെ ഇതു നടപ്പിൽ വരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

അളഗപ്പാനഗർ പഞ്ചായത്തിലെ പൂക്കോട് സ്കൂൾ റോഡ് പണി

1807 [2732] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 വർഷത്തിൽ "ഫുഡ്" റിലീഫ് പദ്ധതിയിൽ ലോക്കൽ ബോഡീസ് എഞ്ചിനീയറിംഗ് വകുപ്പ് നടത്തുന്ന അളഗപ്പാനഗർ പഞ്ചായത്തിലെ പൂക്കോട് സ്കൂൾ റോഡ് പണിക്ക് എന്നാണ് എഗ്രിമെന്റ് വെച്ചത് ;

(ബി) ഈ പണി നടത്താതിരിക്കുന്നതിന്റെ കാരണമെന്താണ് ;

(സി) 8 മീറ്റർ ഇല്ലാത്ത റോഡുകൾക്ക് സൈഡ് പ്രൊട്ടക്ഷൻ പണികൾ വേണ്ടെന്ന് ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly